**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1399** **07-10-2021 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിലെ സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡ് സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഇപ്രകാരം വിലയിരുത്തുന്നതിന് ആസ്പദമാക്കിയ വസ്തുതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (എ) | ഉണ്ട്. കേരള കെട്ടിട നിർമ്മാണ ക്ഷേമ ബോർഡിൽ ആകെ 20 ലക്ഷത്തോളം അംഗതൊഴിലാളികളാണുള്ളത്. ബോർഡിൽ 2016-17 ലെ സ്ഥിരനിക്ഷേപം 1226.99 കോടി രൂപയായിരുന്നു. എന്നാൽ 2021 ൽ ആയത് 50.78 കോടിരൂപയായി കുറഞ്ഞു. അംഗത്തൊഴിലാളികൾക്ക് നൽകുന്ന പെൻഷൻ തുകയിലുള്ള വർദ്ധനവും പെൻഷനായ തൊഴിലാളികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവുമാണ് കരുതൽ നിക്ഷേപത്തിൽ ഇത്രയുമധികം കുറവു സംഭവിക്കാനിടയായത്. 2016 മെയ് മാസം പ്രതിമാസ പെൻഷൻ 600/- രൂപയായിരുന്നത് വിവിധഘട്ടങ്ങളിലായി വർദ്ധനവ് വരുത്തുകയും 2021 ഏപ്രിൽ മാസത്തോടെ പെൻഷൻ 1600/-രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തി ട്ടുണ്ട്. 2015-16 കാലയളവിലെ പെൻഷണേഴ്സിന്റെ എണ്ണം 246769 നിന്നും 2020-21 ൽ 318233 ആയി വർദ്ധിച്ചിട്ടുണ്ട്. നിലവിലെ 3.18 ലക്ഷം പെൻഷണർമാർക്ക് പെൻഷൻ വിതരണം നടത്തുന്നതിനായി ഏകദേശം 50 കോടി രൂപ പ്രതിമാസം ബോർഡിന് കണ്ടെത്തേണ്ടതായിട്ടുണ്ട്.കൂടാതെ കോവിഡ്-19 മഹാമാരി വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പ്രത്യേക കോവിഡ് ധനസഹായം നൽകുന്നതിനായി രണ്ട് ഘട്ടങ്ങളിലായി 135 കോടി രൂപയോളം വിനിയോഗിച്ചിരുന്നു. കോവിഡ് മഹാമാരിയുടെ വ്യാപനം രൂക്ഷമായതിനാൽ സെസ്സ് വരുമാന ത്തിലുണ്ടായ കുറവും ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകാൻ കാരണമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ